LIBRARY ARCHIVES Kerala Legislative Assembly

## നിലാവ് പദ്ധതി

196(3628) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന നിലാവ് പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ?

നിലാവ് പദ്ധതിപ്രകാരം കേരളത്തിലുടനീളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ളതും ഏഴുവർഷം വാറണ്ടി ഉള്ളതുമായ പരിസ്ഥിതി സൗഹൃദ എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ചുനൽകുന്നു. പദ്ധതി രണ്ടു ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ രണ്ട് ലക്ഷം വിളക്കുകൾ 2021 ജൂൺ 30-ഓടെ സ്ഥാപിച്ചുകഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ 8.5 ലക്ഷം തെരുവുവിളക്കുകൾ 2021 ഡിസംബർ മാസത്തോടെ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ പ്രതിവർഷം 185 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉപഭോഗത്തിൽ കുറവ് വരുന്നതുമൂലം വൈദ്യുതി ബിൽ ഇനത്തിൽ 80 കോടി രൂപ ലാഭിക്കുവാൻ കഴിയും. കൂടാതെ പ്രതിവർഷം 165 കിലോ ടൺ കാർബൺ ബഹിർഗമനം കുറയ്ക്കുവാനും 10.5 കിലോഗ്രാം മെർക്കുറി ഭൂമിയിൽ ലയിക്കുന്നത് കുറയ്ക്കുവാനും കഴിയുന്നു. 290 കോടി രൂപയാണ് പദ്ധതി ചെലവ് കണക്കാക്കിയിട്ടുള്ളത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. തദ്ദേശസ്വയംഭരണ വകുപ്പാണ് പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റ്. കെ.എസ്.ഇ.ബി.എൽ. ആണ് പദ്ധതി നടപ്പാക്കുന്ന എസ്.പി.വി. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇ.ഇ.എസ്.എൽ. ആണ് മത്സരാധിഷ്ഠിത ടെണ്ടർ വഴി എൽ.ഇ.ഡി. വിളക്കുകൾ വാങ്ങി സപ്ലൈ ചെയ്യുന്നത്. എൽ.ഇ.ഡി. വിളക്കുകൾക്കുള്ള ഏഴുവർഷ വാറണ്ടി ഇ.ഇ.എസ്.എൽ. ഉറപ്പാക്കും. നിലവിലുള്ള പരമ്പരാഗത തെരുവുവിളക്കുകൾ അഴിച്ചുമാറ്റി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ചുനൽകുന്നത് കെ.എസ്.ഇ.ബി.എൽ ആണ്. തുടർന്ന് വിളക്കുകൾ പരിപാലിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. കിഫ്ബിയാണ് പദ്ധതിക്കാവശ്യമായ ധനസഹായം ചെയ്യുന്നത്. എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വൈദ്യുതി ബിൽ ഇനത്തിൽ ലഭിക്കുന്ന ലാഭത്തിൽ നിന്നാണ് കിഫ്ബിക്കുള്ള തിരിച്ചടവ് നടത്തേണ്ടത്.

(ബി) നിലാവ് പദ്ധതിയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി.-യുമായി എഗ്രിമെന്റ് വെച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

നിലാവ് പദ്ധതിക്ക് പ്രത്യേകം എഗ്രിമെന്റ് ആവശ്യമില്ല. പാലക്കാട് ജില്ലയിലെ പാലക്കാട് ഇലക്ട്രിക്കൽ സർക്കിളിനുകീഴിൽ വരുന്ന 45 പഞ്ചായത്തുകളിലും ഷൊർണ്ണൂർ സർക്കിളിനുകീഴിൽ വരുന്ന 10 പഞ്ചായത്തുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നു.

**എൽ.ടി/എച്ച്.ടി ഓവർഹെഡ് ലൈനുകൾ മാറ്റുന്ന പദ്ധതി**

197(3629) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ പട്ടണത്തിലെ എൽ.ടി/എച്ച്.ടി. ഓവർഹെഡ് ലൈനുകൾ ഏരിയൽ ബൻജ്ഡ് കേബിൾ (എ.ബി.സി) കവേർഡ് കണ്ടക്ടേഴ്സ് കൊണ്ട് മാറ്റാൻ പദ്ധതി നിലവിലുണ്ടോ; വൈദ്യുതി തടസ്സം, അപകടം എന്നിവ ഒഴിവാക്കാൻ ഇതുകൊണ്ട് സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി മേഖലയിൽ അപകടസാദ്ധ്യത കുറയ്ക്കുന്നതിനും വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവത്കരിക്കാനും ഗുണനിലവാരമുള്ള വൈദ്യുതി, ഇടതടവില്ലാതെ, എല്ലാവർക്കും ലഭ്യമാക്കുന്നതിനും വൈദ്യുതി വിതരണത്തിലെ സാങ്കേതിക വാണിജ്യ നഷ്ടങ്ങൾ പരമാവധി കുറയ്ക്കുന്നതിനുമായി, കേരളസർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തുവരുന്നു. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതി കാലപ്പഴക്കം ചെന്ന ലൈനുകളും പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിനും ഘട്ടം ഘട്ടമായി എ.ബി.സി.-യും കവേർഡ് കണ്ടക്ടറുകളും ഭൂഗർഭകേബിളുകളും സ്ഥാപിക്കുന്നതിനും നിർമ്മിക്കുന്ന ലൈനുകളുടെ ഗുണമേന്മ പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനും അതീവ പ്രാധാന്യം നൽകുന്നു. കണ്ണൂർ പട്ടണത്തിൽ ഉൾപ്പെടുന്ന പള്ളിക്കുന്ന്, ബർണ്ണശ്ശേരി, കണ്ണൂർ, ചൊവ്വ, തയ്യിൽ എന്നീ സെക്ഷൻ ഓഫീസുകളെ പ്രസ്തുത പദ്ധതിയിൽപ്പെടുത്തി 8.52 കി.മി. എൽ.ടി. ലൈനുകളും 9.9 കി.മി. എച്ച്.ടി ലൈനുകളും ഏരിയൽ ബഞ്ച്ഡ് കേബിളാക്കി മാറ്റുന്ന പ്രവൃത്തിയും പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly